പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റു കൺസർവേറ്ററുടെ കാര്യാലയം,
തിരുവനന്തപുരം.
ഫോൺ: 0471 2339593.
ഫാക്സ്: 0471 2320554
e-mail:pccf@forest.kerala.gov.in

നം.ഇ.& റ്റി.ഡബ്ളിയു -2-2000/08

## സർക്കുലർ-12/2010

വിഷയം: ആദിവാസികൾ, ദളിതർ തുടങ്ങിയ ദുർബല ജനവിഭാഗങ്ങൾ ഉന്നയിക്കുന്ന ന്യായമായ ആവശ്യങ്ങൾക്ക് പരിഗണന നൽകുന്നതു സംബന്ധിച്ച്-

ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്ക്, പ്രത്യേകിച്ചും ആദിവാസികൾ, ദളിതർ തുടങ്ങിയ ജനവിഭാഗങ്ങൾ ഉന്നയിക്കുന്ന വിഷയങ്ങൾക്ക് അർഹിക്കുന്ന പരിഗണന നൽകേണ്ടതാണെന്നും ഇക്കാര്യത്തിൽ വ്യക്തമായ നിലപാടുകൾ വനം വകുപ്പിനുണ്ടാകണമെന്നും, ബന്ധപ്പെട്ട എല്ലാവരേയും ഇത് അറിയിക്കണെ മെന്നും ബഹു. വനം വകുപ്പുമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. നിലമ്പൂരിലെ ചോക്കാട് ഗിരിജൻ കോളനിയിലേക്കുള്ള റോഡിന്റെ കാര്യത്തിൽ വനം വകുപ്പു സ്വീകരിച്ച നിലപാട് ബഹു. മന്ത്രിയുടെ കത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ഈ വിഷ യത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ എല്ലാ ഉദ്യോഗസ്ഥന്മാരുടെയും ശ്രദ്ധ യിൽപ്പെടുത്തുന്നു.

ആദിവാസികൾ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറപ്പെടു വിച്ചിട്ടുള്ള നിരവധി നിയമങ്ങളും, ചട്ടങ്ങളും, ഉത്തരവുകളും നടപ്പാക്കാനുള്ള ബാധ്യത വനം വകുപ്പിനുണ്ട്. വനാവകാശനിയമം 2006 ഇത്തരത്തിലുള്ള നിയമ ങ്ങളിൽ സമഗ്രമായ ഒന്നാണ്. ഈ നിയമം വഴി ആദിവാസികൾക്കും, പരമ്പരാ ഗത വനവാസികൾക്കും വനത്തിനുള്ളിലെ വാസസ്ഥലം, ചെറുകിട വനവിഭവം എന്നിവയിൽ അവകാശം അനുവദിച്ചു നൽകിയിട്ടുണ്ട്. അതോടൊപ്പം റോഡ്, വൈദ്യുതി, കുടിവെള്ളം, ആശുപത്രി, സ്ക്കൂൾ തുടങ്ങിയ അടിസ്ഥാന ആവശ്യ ങ്ങൾക്ക് നിബന്ധനകൾക്കു വിധേയമായി വനഭൂമി വിട്ടുകൊടുക്കുവാനും വനാ വകാശ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇതു നടപ്പാക്കേണ്ടത് വനം വകുപ്പിലെ ഡിവിഷൻ തലത്തിലാണ്. ആദിവാസികളുടെ ഭവന നിർമ്മാണത്തിന് തടി നൽകുന്നതുമായി ബന്ധപ്പെട്ടും, പട്ടികജാതി, പട്ടികഗോത്രവർഗ്ഗക്കാർക്കും , പാര

ബര്യ ഈറ്റത്തൊഴിലാളികൾക്കും ഈറ്റ, മുള എന്നിവ സൗജന്യമായി നൽകുന്ന തുമായി ബന്ധപ്പെട്ടും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും വനംവകുപ്പാണ് നടപ്പാക്കേണ്ടത്.

ആദിവാസികളുടെയും മറ്റു ദുർബലവിഭാഗങ്ങളുടെയും ശാക്തീകര ണത്തിനുള്ള ഒരു അവസരമാണ് പങ്കാളിത്ത വന പരിപാലന രംഗം. വനസംര ക്ഷണ സമിതികളും ഇക്കോഡവലപ്മെന്റു കമ്മിറ്റികളും രൂപീകരിച്ചിട്ടുള്ളത് ഇവരെ കൂടി ജനാധിപത്യ പ്രക്രിയയിൽ അർത്ഥ പൂർണ്ണമായി ഭാഗഭാക്കാക്കുക എന്ന ലക്ഷ്യത്തോടെയാണ്. മറ്റു വനസംരക്ഷണ സമിതികളുടെയും ഇക്കോഡ വലപ്പ്മെന്റ് കമ്മിറ്റികളുടെയും ഭരണസമിതികളിൽ ആദിവാസികൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കിയിട്ടുള്ളതും ഇതിനു വേണ്ടിയാണ്. എല്ലാത്ത ട്ടിലുമുള്ള വനം വകുപ്പുദ്യോഗസ്ഥരുടെ ജാഗ്രതാപൂർവ്വമായ ഇടപെടൽ കൊണ്ടു മാത്രമേ ഈ ലക്ഷ്യം സാക്ഷാൽക്കരിക്കപ്പെടുകയുള്ളു.

ആദിവാസികളേയും, വനാശ്രിതരായ മറ്റു ദുർബലവിഭാഗക്കാ രെയും വനസംരക്ഷണ പ്രവർത്തനങ്ങളിൽ തുല്യ പങ്കാളികളാക്കുന്ന നയം വിജ യിപ്പിക്കുന്നതിന് ഈ വിഭാഗങ്ങളുടെ ന്യായമായ ആവശ്യങ്ങൾ സമയബന്ധിത മായി ചെയ്തു കൊടുക്കേണ്ട ഉത്തരവാദിത്വം വകുപ്പിലെ എല്ലാ തലങ്ങളിലു മുള്ള ഉദ്യോഗസ്ഥർ മുൻഗണന നൽകി നടപ്പാക്കേണ്ടതുണ്ട്.

നിരവധിയായ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ഈ വിഭാഗം ആളുകൾ വനം വകുപ്പിലെ താഴെത്തട്ടിലുള്ള ആഫീസുകളുമായി ബന്ധപ്പെടുന്നത് സ്വാഭാ വികം മാത്രം. അതിനാൽ ഈ തട്ടിലുള്ള ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

ദളിതരുടെയും ആദിവാസികളുടെയും മറ്റു ദുർബലജനവിഭാഗങ്ങളുടെയും നിയമാനുസൃതമായ ആവശ്യങ്ങൾ കാലതാമസം കൂടാതെ അനുവദിച്ചു നൽകാൻ എല്ലാ ഉദ്യോഗസ്ഥരും ജാഗരൂകരായിരിക്കേണ്ടതാണ്.

ഒപ്പ്
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ.